## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.T 2257

04.11.2019 ൽ മറുപടിയ്ക്ക്

## നെല്ല് സംഭരണം

ചോദ്യം

ശ്രീ.പി.കെ.ശശി

ഉത്തരം

ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് മില്ലുടമകളുമായി കരാറിൽ ഏർപ്പെടുന്നതിന് ഉണ്ടാകുന്ന അനിശ്ചിതത്വം മൂലം നെൽകർഷകർ വലിയ പ്രതിസന്ധി നേരിടുന്നുണ്ടെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | നെല്ലുസംഭരണവുമായി ബന്ധപ്പെട്ട് കർഷകർക്ക് ഗുണപ്രദമാകുന്ന രീതിയിൽ ഒരു സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്നത് പരിഗണനയിലുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | നെല്ല് സംഭരണത്തിനായി കർഷകർക്ക് ഗുണകരമായ രീതിയിലുള്ള ഒരു സ്ഥിരം സംവിധാനമായിട്ടാണ് സപ്ലൈകോ പ്രവർത്തിക്കുന്നത്. എന്നാൽ സപ്ലൈകോ ഉടമസ്ഥതയിൽ മില്ലുകൾ ഇല്ലാത്തതിനാൽ നെല്ല് ഏറ്റെടുക്കുന്നതിനും, സംസ്കരിക്കുന്നതിനും സ്വകാര്യ മില്ലുകളെ ആശ്രയിക്കേണ്ടതായിവരുന്നു. ഈ മില്ലുടമകളുമായി കരാർ ഒപ്പിട്ട് എല്ലാ സീസണുകളിലും സപ്ലൈകോ നെല്ല് സംഭരണം സുഗമമായി നടപ്പിലാക്കുന്നുണ്ട്. കൂടാതെ സർക്കാർ ഉടമസ്ഥതയിൽ മില്ലുകൾ തുടങ്ങുന്നതും സംസ്ഥാനത്തിന് പുറത്തുള്ള മില്ലുകളെക്കൂടി പങ്കെടുപ്പിച്ചുകൊണ്ട് സംഭരണം കൂടുതൽ കാര്യക്ഷമമാക്കുന്നതും സജീവ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ